പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1381 06-03-2020-ലെ മറുപടിയ്ക്ക്

## പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ പ്രളയ ധനസഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് 2018, 2019 വർഷങ്ങളിൽ ഉണ്ടായിട്ടുള്ള പ്രളയത്തിലും കാലവർഷക്കെടുതികളിലും പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ കർഷകരിൽ എത്ര പേർക്ക് എത്ര രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് എത്ര രൂപയുടെ ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇനി എത്ര രൂപയുടെ ധനസഹായം നൽകാൻ ബാക്കിയുണ്ട്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | 2018 വർഷം 1262 കർഷകർക്ക് 2,39,49,343/- രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്. ഇതിൽ 1062 കർഷകർക്ക് 2,20,99,442/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. വെട്ടത്തൂർ, ഏലംകുളം പഞ്ചായത്തുകളിൽ 200 കർഷകർക്ക് 18,49,901/- രൂപ വിതരണം ചെയ്യാൻ ബാക്കിയുണ്ട്. 2019-ൽ 612 കർഷകർക്ക് 1,78,15,710/- രൂപയുടെ നാശനഷ്ടം ഉണ്ടായി. പ്രസ്തുത തുക കർഷകർക്ക് നൽകുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ധനസഹായത്തിനു പുറമെ കൃഷി പുനരാരംഭിക്കുന്നതിന് മറ്റെന്തെല്ലാം തരത്തിലുള്ള സഹായം ഈ മണ്ഡലത്തിൽ നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ധനസഹായത്തിന് പുറമെ കൃഷി പുനരാരംഭിക്കുന്നതിന് 'പുനർജനി' പദ്ധതി വഴി കർഷകർക്ക് കുമ്മായം, പച്ചക്കറി തൈകൾ, വിത്തുകൾ, വാഴക്കന്നുകൾ, മൺവെട്ടികൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | എല്ലാ കർഷകർക്കും അർഹമായ എല്ലാ സഹായവും അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മുഴുവൻ കർഷകർക്കും അർഹമായ നഷ്ടപരിഹാരം വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ